LIBRARY ARCHIVES Kerala Legislative Assembly

അധികമായി കണ്ടെത്തിയ ഭാക്ഷാധ്യാപകർ

60 (4671) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷം തസ്തിക നിർണ്ണയത്തിൽ അധികമായി കണ്ടെത്തിയ ഭാക്ഷ അദ്ധ്യാപകരുടെ കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

അധിക അദ്ധ്യാപകരെയെല്ലാം അദ്ധ്യാപക ബാങ്ക് രൂപീകരിച്ച് പുനർ വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വകാര്യ ലാഭത്തിനായി സ്കൂളുകൾ പൂട്ടുന്നതിനെതിരെ നടപടി

61 (4672) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായകരമല്ലെന്ന പേരിൽ സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന എയ്ഡഡ് സ്കൂളുകൾ പൂട്ടാൻ മാനേജർമാർക്ക് അധികാരം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്കൂളും പരിസരവും ഉൾപ്പെടുന്ന സ്കൂൾ വക സ്വത്തിന്റെ പൂർണ്ണാവകാശം മാനേജർമാർക്ക് ഉപാധിരഹിതമായി വിട്ടു കൊടുക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; അത്തരം തീരുമാനങ്ങൾ സ്കൂളുകൾ പൂട്ടാനുള്ള നടപടിക്ക് മാനേജർമാരെ പ്രേരിപ്പിക്കുന്ന സ്ഥിതി വരുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) നഗരമധ്യത്തിലെ പല എയ്ഡഡ് വിദ്യാലയങ്ങളും നിലനിൽക്കുന്ന സ്ഥലത്തിന്റെ മാർക്കറ്റ് വില കണക്ക് കൂട്ടി മാനേജർമാർ വിദ്യാലയങ്ങൾ അടച്ചിടാൻ ശ്രമം നടത്തുന്നത് തടയാൻ ശ്രദ്ധിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) കച്ചവട താല്പര്യത്തോടെ ചില മാനേജർമാർ ഇത്തരത്തിലുള്ള നീക്കങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് അനുവദിക്കുന്ന ഒരു ഉത്തരവും സർക്കാർ നൽകിയിട്ടില്ല.